പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1140 30.01.2018-ൽ മറുപടിക്ക്

## തലശ്ശേരി- വളവുപാറ റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിലൂടെ കടന്നുപോകുന്ന തലശ്ശേരി- വളവുപാറ കെ.എസ്.റ്റി.പി. റോഡ് നിർമ്മാണം ആകെ എത്ര കിലോമീറ്ററാണെന്ന് വിശദമാക്കമോ; | (എ) കരാർ റദ്ദാക്കിയതിനെത്തുടർന്ന് റീ-ടെണ്ടർ ചെയ്ത കണ്ണൂർ ജില്ലയിലെ തലശ്ശേരി - വളവുപാറ റോഡ്, 2 റീച്ചുകളിലായിട്ടാണ് നടപ്പിലാക്കിയത്.<br>UG IIIA തലശ്ശേരി - കളറോഡ് - 28.80 കി.മീ<br>UG III B കളറോഡ് - വളവുപാറ റോഡ് - 25.20 കി.മീ |
| (ബി). തലശ്ശേരി - വളവുപാറ റോഡ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കമോ; | (ബി). തലശ്ശേരി - കളറോഡ് നിർമ്മാണം 31.25 %ഉം , കളറോഡ് - വളവുപാറ റോഡ് നിർമ്മാണം 38.65 %ഉം പൂർത്തിയായി. |
| (സി). കരാർ പ്രകാരം റോഡ് നിർമ്മാണം പൂർത്തീകരിക്കേണ്ടത് എപ്പോഴാണെന്ന് വ്യക്തമാക്കമോ; | (സി) കരാർ പ്രകാരം പൂർത്തീകരണകാലാവധി തലശ്ശേരി - കളറോഡ് 26.06.2018-ഉം, കളറോഡ് - വളവുപാറ റോഡ് 25.09.2018-ഉം ആണ്. |
| (ഡി). കരാർ പ്രകാരം നിർദ്ദിഷ്ട സമയത്ത് റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കമോ? | (ഡി) പ്രസ്തുത റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സൈറ്റ് പരിശോധനയും, അവലോകന യോഗങ്ങളും കൂടി കോൺട്രാക്ടർക്കും കൺസ്ട്രക്ഷൻ സൂപ്പർവൈസറി കൺസൾട്ടന്റിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ